# ACADEMIC MASTER PLAN

Govt. LPS Ala

# Academic Master Plan.

STD: 1

Govt LPS Ala

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിമയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, വചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ വകുപ്പ് തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്നപേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്ര വായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷിക പരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.

ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചനാ ശില്പശാലകൾ നടത്തുന്നു.

തിയേറ്റർ സാധ്യതകൾ വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.

* കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
* സർഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെടുത്തി സചിത്ര പുസ്തകം തയ്യാറാക്കുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ

പ്രവർത്തനങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്ര കാർഡുകൾ, വായനാ കാർഡുകൾ നിർമ്മാണ ശില്പശാല
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

ജൂലൈ

പ്രവർത്തനങ്ങൾ:

* സംയുക്ത ഡയറി എഴുതാൻ സഹായം നൽകൽ

കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ

വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ

രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.

പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.

അക്ഷരപ്പാട്ടുകൾ നൽകി. ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഊഹിക്കുന്നു.

* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

പ്രവർത്തനങ്ങൾ:

* ടീച്ചേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, ചൊല്ലാട്ടം മുതലായ പ്രവർത്തനങ്ങൾ.
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്ര വായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ സൗകര്യം നൽകുന്നു.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

പ്രവർത്തനങ്ങൾ:

* സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

പ്രവർത്തനങ്ങൾ.

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ

പ്രദർശിപ്പിക്കുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.

* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

* ദിനാനില വാരങ്ങളെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ:

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആക്കുന്നു.

* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ.

* വായനോത്സവം തുടരുന്നു.

* രചനോത്സവം തുടങ്ങുന്നു.

* പത്രവായനയ്ക്ക് അവസരം ഒരുക്കൽ

* ആസ്വാദ്യകരമായി കവിതകൾ ചൊല്ലൽ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.

* ചിത്രവായന നടത്തുന്നു.

* ചെറിയ വായനാ കാർഡുകൾ ബാലസാഹിത്യ കൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം വായന നടത്തുന്നു.

* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.

* നവ മാധ്യമങ്ങളിലെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.

ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ട്
എഴുതുന്നു.

ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ:

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും.
* രചന ശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ചെറു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം ചിന്തകൾ പങ്കുവെച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള പദ്യരചന ശില്പശാലകൾ നടത്തുന്നു.
* തിയൂർ സഹ്യതകൾ വായനക്കാർഡുകൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
* അന്യ വിഷയങ്ങളോട് സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്നു.

## ഫെബ്രുവരി

### പ്രവർത്തനങ്ങൾ

* ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.

ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതു ന്നതിനും അവസരം ഒരുക്കുന്നു.

ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.

ഭാഷോൽസവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

- സ്വന്തമായി രചനകൾ നടത്തി കണ്ടെത്തുന്ന പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു.

## March

### പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ, പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങല വായന, സ്വന്തവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

### വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.

രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.

* കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
* സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
* സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
* സർഗാത്മക ശേഷി വികസനത്തിനുതകുന്ന കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
* എല്ലാ കുട്ടികളുടെയും സചിത്ര പാഠ പുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# English

The goal for the first grader is to handle English fluently The first grader must go from small words to big words. they must be able to read. write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart

The academic master plan is designed to ensure that not a single child goes illiterate.

## Objectives and learning Outcomes..

* Respond to simple instructions in the class room.
* Describe orally about the pictures and objects.
* Familiarise with simple words.
* Enjoy songs and sings them with Rhythm and action
* Familiarise the names of birds, animals, their young ones and identifies them from pictures.

## JUNE

Introduce symbol words

Provides picture cards.

## JULY

Identify familiar words

Say familiar words

Read familiar words

write familiar words

## August

* Enjoy songs and sings them with Rhythms and action
* Describes orally about pictures and objects using adjectives.

## September

* Read and write simple words and simple sentences.
* provides picture cards and reading cards.

## October

* Introduce symbol picture descriptions.
* Make word chain, sentence chain.
* Make riddles.
* Describing words, rhyming words.
* Text book activities.

## November

* prepare reading cards
* provide more opportunities to read, write and speak English.
* writes five English words daily.

## December

* Read and understand simple instruction in the classroom
* Encourage digital reading.

## January

* Enjoy songs and sings them with Rhythems and action
* Make picture albums
* Collect pictures of animals and its young ones.

## February

* Provide the opportunity to express myself in the class room
* English assembly once in a week.

# March

* speaks English fluently
* Read and write simple sentences
* picture reading and picture description

# Academic Master Plan

STD: 11

Govt LPS ALA

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾ : Govt LPS ആല

ക്ലാസ് : II

ക്ലാസ് ടീച്ചറുടെ പേര് : വിദ്യ. ജി. നായർ

ഉപജില്ല : ചെങ്ങന്നൂർ

ജില്ല : ആലപ്പുഴ

## ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തന കലണ്ടർ
3. മലയാള മധുരം
4. സംയുക്ത ഡയറി-സ്വതന്ത്ര ഡയറി
5. പാട്ടരങ്ങ്
6. സചിത്ര പുസ്തകം
7. റീഡേഴ്സ് തീയേറ്റർ
8. നാട്ടുവിശേഷം കൂട്ടെഴുത്ത്
9. ക്ലാസ് പത്രം
10. രചനോത്സവം
11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിത കേളികൾ

14. ഗണിത കിറ്റ്

15. പരീക്ഷണങ്ങൾ

16. ലഘു പ്രോജക്ട്

17. പരീക്ഷണ കിറ്റ്

18. രക്ഷിതാക്കൾക്ക് ശിൽപ്പശാല

19. വിജയ സ്പർശം

20. പാനീയമേള

21. ഭക്ഷ്യമേള

22. പലഹാര മേള

## പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവ്വഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ മുതൽ മാർച്ച്
3. സംയുക്ത ഡയറി-ജൂൺ മുതൽ മാർച്ച്
4. പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്

## 1 ആമുഖം

എ.എം.എൽ.പി.സ്കൂൾ കളത്തിങ്ങൽപാറയിലെ 2025 - 26 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ്: എ ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2 പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ-മാർച്ച്
3. സംയുക്ത ഡയറി-ജൂൺ-മാർച്ച്
4. പാട്ടരങ്ങ് - ജൂൺ -മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ -മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ - മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്

8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ മുതൽ മാർച്ച്

11. ഭാഷോത്സവം - ജനുവരി

12. ഗണിത കേളികൾ - ജൂൺ മുതൽ മാർച്ച്

13. ഗണിത കിറ്റ് - ജൂൺ മുതൽ മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ മുതൽ മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ ।

18. വിജയസ്പർശം - ജൂൺ മുതൽ മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ-മാർച്ച്

11. ഭാഷോത്സവം - ജനുവരി-

12. ഗണിത കേളികൾ - ജൂൺ-മാർച്ച്

13. ഗണിത കിറ്റ് - ജൂൺ-മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ-മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

18. വിജയ സ്പർശം - ജൂൺ - മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

## 3 : മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ).യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം** PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

### ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. _ ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം)

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം - BRC ( RS : 1000 )

## 6 സചിത്ര പുസ്തകം.

- ലക്ഷ്യപ്രസ്താവനകൾ -

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ് - സാമ്പത്തികം CPTA ( RS : 5000 )

## 7 റീഡേഴ്സ് തിയേറ്റർ

- **ലക്ഷ്യപ്രസ്താവനകൾ** -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

-_ പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

-_ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ )

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- **ചുമതല** -ക്ലാസ് ടീച്ചർ.

- **സാമ്പത്തികം** -BRC RS ( 1000 )

## 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

- ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- - പ്രകൃതി നിരിക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരിക്ഷണം മുതൽ പരിക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

- - പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ)

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

ചുമതല : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

## 9 - ക്ലാസ് പത്രം

- ലക്ഷ്യപ്രസ്താവനകൾ

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- പ്രവർത്തന ഘട്ടങ്ങൾ

- - ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) ചുമതല -ക്ലാസ് ടീച്ചർ - സാമ്പത്തികം - PTA (RS :1000)

## 10 - രചനോത്സവം

- ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## 11 വായനോത്സവം

**ലക്ഷ്യപ്രസ്താവനകൾ**

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

**പ്രവർത്തന ഘട്ടങ്ങൾ**

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ക്രൂലൈ - മാർച്ച്)

**ചുമതലകൾ**

ക്ലാസ് ടീച്ചർ

രക്ഷിതാവ്

**സാമ്പത്തികം**

CPTA , BRC (RS : 5000 )

## 12 - ഭാഷോത്സവം

- ലക്ഷ്യപ്രസ്താവനകൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു

- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

- പ്രവർത്തന ഘട്ടങ്ങൾ

-ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.

- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു

- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു

- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.

- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല : ക്ലാസ്സ് ടീച്ചർ , CPTA , BRC

സാമ്പത്തികം : SRG , CPTA ( RS : 3000 )

## 13 ഗണിത കേളികൾ

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണനം)

കാലാവധി - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ് ടീച്ചർ

SRG

**സാമ്പത്തികം**

CPTA ,

SSK ( RS : 2000 )

## 14 ഗണിത കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

### പ്രവർത്തനങ്ങൾ

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

PTA

SSK ( RS : 3000 )

## 15 പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

### പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യുകയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

### സാമ്പത്തികം

SSK

PTA

( RS : 5000 )

## 16 ലഘു പ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

### പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

### സാമ്പത്തികം

PTA

SSK

(1000)

## 17 പരീക്ഷണകിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

- വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

- ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

### പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

സാമ്പത്തികം : CPTA , SSK

( RS : 2000 )

## 18 രക്ഷിതാക്കൾക്ക് ശില്പശാല

### ലക്ഷ്യപ്രസ്താവന

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠ ഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

### പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തകം ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

കാലയളവ്

ജൂലൈ

ഒക്ടോബർ

ജനുവരി

### ചുമതലകൾ

SRG

HM

ക്ലാസ്ടീച്ചർ

### സാമ്പത്തികം

SSK

PTA

(8000)

## 19 വിജയ സ്പർശം

### ലക്ഷ്യ പ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

### പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

### സാമ്പത്തികം

PTA

SSK

(5000)

## 20 പാനീയമേള

### ലക്ഷ്യപ്രസ്താവനകൾ

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്

കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനികരണമാണെന്ന് തിരിച്ചറിയുന്നതിന്

- ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

### പ്രവർത്തനങ്ങൾ

- SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു

### ചുമതലകൾ

ക്ലാസ് ടീച്ചർ

HM

സാമ്പത്തികം CPTA ( RS : 1000 )

## 21 ഭക്ഷ്യമേള

ലക്ഷ്യപ്രസ്താവനകൾ

- പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

## 22 പലഹാരമേള

ലക്ഷ്യപ്രസ്താവനകൾ

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്

- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാകുന്നതിന്

- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

-പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാര മേള സംഘടിപ്പിക്കുന്നു

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

# Academic Master Plan

Class-3

# ഗണിതം

# ലക്ഷ്യം - 1

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. തരം തിരിക്കുന്നു, നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതിയുടെ ഭംഗി ആസ്വദിക്കുന്നു.

രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.

നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു. യുക്തി സമർത്ഥിക്കുന്നു. പാറ്റേണുകൾ വരയ്ക്കുന്നു.

| Sl.No | പ്രവർത്തനം | കാലയളവ് |
|---|---|---|
| | പ്രവേശനോത്സവം<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം. രൂപങ്ങൾ തിരിച്ചറിയൽ, പ്രത്യേകതകൾ മനസ്സിലാക്കൽ<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.<br>• തോണി നിർമ്മാണം രൂപങ്ങൾ കണ്ടെത്തൽ<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ<br>• വെജിറ്റബിൾ പ്രിന്റിംഗ് തയ്യാറാക്കൽ<br>• തീപ്പെട്ടിക്കമ്പ് ഉപയോഗിച്ചു കൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കൽ | ജൂൺ |

## ലക്ഷ്യം - 2

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനങ്ങളിൽ തിട്ടപ്പെടുത്തി യഥാസ്ഥാനത്ത് ക്രമീകരിക്കുക. | ജൂലായ് |
| 2 | നറുക്കെടുക്കാം<br>• സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിപ്പിക്കുന്നു<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| 4 | പാറ്റേൺ പൂർത്തിയാക്കാം<br>വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ - സെപ്റ്റംബർ |
| 5 | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതിക്കുന്നു | ജൂൺ - ഓഗസ്റ്റ് |

## ലക്ഷ്യം - 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം<br>• കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | ജൂൺ |
| 2. | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതുന്നു<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച |
| 3 | ക്രമീകരിക്കാം<br>• അബാക്കസ് നിർമ്മാണം<br>• സംഖ്യകളെ അബാക്കസിൽ - ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ – സെപ്റ്റംബർ |

## ലക്ഷ്യം - 4

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ, അവസരം ഒരുക്കൽ

| Sl No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ക്ലാസിൽ ഒരു കട<br>കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം ഇവ ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>- ഗ്ലാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു, ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളിനോട്ട് ഉപയോഗിച്ച് കച്ചവടക്കളി ഒരുക്കുന്നു.<br>പ്രയാസങ്ങൾ അധ്യാപികയുടെ സഹായത്തോടെ പരിഹരിക്കുന്നു | ഫെബ്രുവരി |
| | സമയ ചക്രം<br>- ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു (am/pm)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു | ജൂലായ് |

## ലക്ഷ്യം - 5

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl No | പ്രവർത്തനം | കാലയളവ് |
| --- | --- | --- |
| 1 | **സംഖ്യ ചക്രം**<br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു .<br>അവ തമ്മിലുള്ള സങ്കലനം, വ്യവകലനം , ഗുണനം , ഹരണം | ജൂലായ്<br>-<br>മാർച്ച് |
| 2 . | **ഭാഗ്യവാനെ കണ്ടെത്താം**<br>- അധ്യാപിക ബോർഡിൽ ഒരു സംഖ്യ എഴുതുന്നു .<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം | ജൂലായ്<br>-<br>ഫെബ്രുവരി |

# English

# AIM

To speak, Read and write English - without any mistakes

| Time | Activities |
| --- | --- |
| June & July | To check the vocabulary and writing skills of pupils.<br><br>Pre test<br><br>To develop listening skills and reading skills.<br><br>Listening skills<br>• Games, Action songs<br>• Hello English Activities<br>• Conversations<br>• Skit stories<br>• ICT<br><br>Speaking skills<br>• Identify the naming words from the picture.<br>• Identify the action words from the picture<br>• Make simple sentences using the word about picture |

| | |
|---|---|
| | • Make simple description about the picture .<br>• Growing sentences<br>• Picture reading<br>• Self introductions . |
| August & September | Develop the creative speaking and writing .<br>Reading skills<br>• Books reading<br>• Find words<br>• Collect and read past tense<br>• Rhyming words<br>• TB activities<br>Writing skills<br>• Make word web<br>• Word chain<br>• Make simple sentences<br>• Picture description<br>• Add more lines<br>• Make riddles and conversations |
| October & November | To express thoughts , feelings etc .<br>Reading skills<br>• Library book reading |

| | |
|---|---|
| | • Conversations, skit, stories<br>• Use ICT<br>• Read notice<br>• Develop story<br>Writing skills<br>• Description<br>• Thoughts |
| December and January | Develop the creative speaking and writing<br>Reading skills<br>• Library books (short stories) reading<br>• Conversations, skit<br>• Develop story<br>• Reads dairy<br>Writing skills<br>• Dairy<br>• Announcement |
| February & March | To improve the presentation power<br>Reading skills<br>• Library books reading<br>• Conversation<br>• Skit stories<br>Writing skills<br>• Dairy<br>• Descriptions<br>• Thoughts |

# പരിസര പഠനം

| മാസം | പ്രവർത്തനങ്ങൾ | പിന്തുണാ സംവിധാനം |
|---|---|---|
| ജൂൺ | • ചെടികൾ നിരീക്ഷിക്കുന്നു<br>• പ്രകൃതി നടത്തം<br>• വിത്ത് മുളപ്പിക്കൽ<br>• വ്യത്യസ്ത തരം സസ്യങ്ങൾ, പൂക്കൾ എന്നിവയെ തിരിച്ചറിയൽ<br>• പരിസ്ഥിതി ദിനാചരണം<br>• ഹരിത കാർഡ് നിർമ്മാണം | S.R.G |
| ജൂലൈ | • വ്യത്യസ്ത തരം ജീവികളെ നിരീക്ഷണം, ചിത്രശേഖരണം<br>• മണ്ണ് നിരീക്ഷണം<br>• ജൈവ വൈവിധ്യ ഉദ്യാനം നിർമ്മാണം – ശലഭങ്ങൾ വരുന്ന ചെടികൾ | PTA, SRG |
| വർഷം മുഴുവൻ | സ്കൂൾ ഹെൽത്ത് ക്ലബ്ബ് പ്രവർത്തനങ്ങൾ | SRG, PTA |
| ആഗസ്റ്റ് | • മഴമാപിനി നിർമ്മാണം<br>• ജലസംരക്ഷണ പോസ്റ്റർ നിർമ്മാണം<br>• കിണർ സന്ദർശനം<br>• മണ്ണ് നിരീക്ഷണം<br>• മണ്ണു കൊണ്ട് രൂപങ്ങൾ നിർമ്മിക്കൽ<br>• മണ്ണ് കൊണ്ടുള്ള വ്യത്യസ്ത പരീക്ഷണങ്ങൾ<br>• ആശയപടം തയ്യാറാക്കൽ | S.R.G |

| | | |
|---|---|---|
| സെപ്റ്റംബർ | • ശുചിത്വ പോസ്റ്റർ നിർമ്മാണം<br>• സ്കൂൾ ശുചിത്വ ക്യാമ്പ് പ്രവർത്തനങ്ങൾ<br>• ആരോഗ്യ ബോധവൽക്കരണ സെമിനാർ<br>• Interview - ആരോഗ്യ - പ്രവർത്തകർ | SRG , PTA |
| ഒക്ടോബർ | • ഫീൽഡ് ട്രിപ്പ് പഴം , പച്ചക്കറികൾ<br>• Food festival<br>• എന്റെ ആരോഗ്യ കാർഡ് - ഓരോ കുട്ടിക്കും.<br>• BMI കണ്ടുപിടിക്കൽ<br>• സ്കൂൾ പച്ചക്കറിത്തോട്ടം ഒരുക്കൽ<br>• ശരിയായ ഭക്ഷണ ശീലം പോസ്റ്റർ | PTA , MPTA<br>SRG |
| നവംബർ | • ആരോഗ്യ വിദഗ്ധരുമായി ക്ലാസ്<br>• റോൾ പ്ലേ - റോഡ് നിയമങ്ങൾ<br>• First aid kit തയ്യാറാക്കൽ<br>• സ്വയ സുരക്ഷ - പത്ര കട്ടിംഗ്സ്<br>• ചർച്ച , ബോധവൽക്കരണം | CPTA<br>PTA |

| | | |
|---|---|---|
| ഡിസംബർ | • പരീക്ഷണങ്ങൾ<br>• നിരീക്ഷണ പ്രവർത്തനം globe, ICT<br>• ദേശീയ പതാക വരയ്ക്കൽ<br>• ദേശീയ ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂപട വായന<br>• എന്റെ കേരളം - ചിത്രരചന കുറിപ്പ്<br>• ഭൂപ്രകൃതി തിരിച്ചറിയൽ - google map | SRG |
| ജനുവരി<br>ഫെബ്രുവരി | • ജീവികളുടെ കൂടുകൾ - ചിത്ര ശേഖരണം<br>• വ്യത്യസ്ത തരം വീടുകൾ - ആൽബം<br>• വീട് നിർമ്മാണ ഇടം - സന്ദർശനം<br>• വ്യത്യസ്ത തരം ജോലികൾ - survey<br>• പൊതുസ്ഥാപനങ്ങൾ വിവര ശേഖരണം | SRG, PTA |
| മാർച്ച് | പഠനോത്സവം | PTA, MPTA<br>SRG, SSK |
| | | |

# മലയാളം

# ഉദ്ദേശ്യം

വിദ്യാർത്ഥികൾക്ക് ഒഴുക്കോടെ മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതാണ്.

# കാലക്രമം

ജൂൺ മുതൽ മാർച്ച് വരെ

# ലക്ഷ്യങ്ങൾ

ശബ്ദ ശേഖരം (vocabulary) വർദ്ധിപ്പിക്കൽ
എഴുത്ത്, വായന, സംസാര ശേഷി വർദ്ധിപ്പിക്കൽ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ & ജൂലൈ | • Pre-test<br>• നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനശേഷിയും വർദ്ധിപ്പിക്കുക.<br>Activities<br>→ ഭാഷാ ഗെയിമുകൾ<br>→ ആംഗ്യപ്പാട്ട്<br>→ കഥ പറയൽ<br>→ അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്കൽ<br>→ ICT ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ<br>→ ഭാവാത്മക വായന |

| | |
|---|---|
| | **സംസാര ശേഷി**<br>→ ചിത്ര വായന<br>→ കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ് അവതരണം<br>→ അനുഭവ വിവരണം<br>→ ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൽ<br>→ ചിത്ര വിവരണം |
| ആഗസ്റ്റ് & സെപ്റ്റംബർ | സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക<br>**വായനശേഷി**<br>→ വായനാക്കാർഡ് വായിക്കുക<br>→ കഥാപുസ്തകങ്ങൾ വായിക്കുക<br>→ വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക<br>→ നിഘണ്ടു പരിചയം<br>→ പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ.<br>→ കവിത വായിച്ചവതരിപ്പിക്കൽ<br>**എഴുത്ത്**<br>→ പദസൂര്യൻ നിർമ്മിക്കൽ<br>→ വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ |

| | |
|---|---|
| | → വാക്കുകൾ അക്ഷരമാല ക്രമ-ത്തിൽ എഴുതൽ<br>→ ചിത്ര വിവരണം<br>→ ചോദ്യങ്ങൾ നിർമ്മിക്കൽ<br>→ വാക്കുകൾ കൂട്ടിച്ചേർത്ത് - കൂടുതൽ വരികൾ എഴുതൽ |
| ഒക്ടോബർ & നവംബർ | ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം<br>→ കവിതാ രചന<br>→ കഥാ രചന<br>→ അനുഭവക്കുറിപ്പുകൾ |
| ഡിസംബർ - മാർച്ച് | നേടിയ ശേഷികൾ ഊട്ടിയുറപ്പി-ക്കൽ<br>→ ലൈബ്രറി പുസ്തകങ്ങൾ വായി-ക്കൽ<br>→ കഥ, റോൾപ്ലേ<br>→ ചെറിയ കഥകൾ വായിച്ച് അവ-ലോകനം ചെയ്യൽ<br>→ വിവരണം തയ്യാറാക്കൽ<br>→ പോസ്റ്റർ രചന, ഡയറി എഴുതൽ<br>→ കത്ത് തയ്യാറാക്കൽ |

# ACADEMIC

# MASTER PLAN

STD: IV

Govt LPS Ala

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. പുസ്തകം എന്റെ ചങ്ങാതി | കുട്ടികളിൽ വായനാ അഭിരുചി വളർത്തുക | പുസ്തകങ്ങൾ തരം തിരിച്ച് ക്ലാസിലായി കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | അധ്യയനത്തിൽ ഉടനീളം | class teacher | 200. |
| 2. എന്റെ പിറന്നാൾ പുസ്തകം. | വിജ്ഞാന വായനാശീലം വളർത്തുക. | എല്ലാകുട്ടികളും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. 'പിറന്നാൾ പുസ്തകം' പദ്ധതിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | June to March. | classteacher | |
| 3. ഉച്ചയ്ക്കൊരു വായന. | ആസ്വാദ്യപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചസമയങ്ങളിലൂടെ ഒരു ദിനം ഒരു മണിക്കൂർ വായന | June to March | class teacher | |
| ക്ലാസ് തല പതിപ്പുകൾ. | ആശയങ്ങൾ വിവിധ രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക. | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിശേഷങ്ങൾ പങ്കുവെക്കുന്ന ക്ലാസ്തല പതിപ്പുകൾ ഒരുക്കൽ | എല്ലാമാസം | class teacher | |

| | | | | | |
|---|---|---|---|---|---|
| 5 കഥോത്സവം. | അവസരങ്ങൾ വിവിധ തരത്തിൽ കുട്ടിക്ക് [illegible] ഒരുക്കുക. | അദ്ധ്യാപകർ തയ്യാറാക്കിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ [illegible] പ്രവർത്തനത്തിൽ പങ്കെടുക്കുന്നു. | June to march. | ഭാഷാ ക്ലബ്ബ് | |
| 6. ലൈബ്രറി വിപുലീകരണം. | വായനാശീലം ചെറുപ്പത്തിൽ അടിസ്ഥാന വഴി പ്രവർത്തിപ്പിക്കുന്ന [illegible] ഉണ്ടാക്കുക | കുട്ടികൾക്ക് അടിസ്ഥാനമായ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാപാത്രങ്ങൾ സംഭാഷണങ്ങൾ, ഭാഷാ വ്യത്യാസം എന്നിവ ചേർത്ത് അടിസ്ഥാന വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | Class Teacher | |
| 7. ഭാഷോത്സവം. | ഭാഷയുടെ വിവിധ അംശങ്ങളിലൂടെ കുട്ടികളെ നയിക്കുക. · ഭാഷാ ജ്ഞാനം പോഷിപ്പിക്കുക. | അക്ഷരശ്ലോകം, കഥാരചന, കവിതാ പാരായണം മത്സരങ്ങൾ, ഭാഷാ ബോസ്റ്റർ എന്നിവയുടെ പങ്കെടുക്കലിലൂടെ കുട്ടികൾക്ക് ഭാഷാ മികവ് ഉയർത്താൻ സാധിക്കുന്നു. | June to March | ഭാഷാ ക്ലബ്ബ് Class Teacher. | 1000. |

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനത്തിന്റെ വിശദീകരണം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 8. നാട്ടറിവ് ശേഖരം കൂട്ടുകൂടൽ. | എഴുത്തും വായനയും സ്വന്തം ചിന്തകളും ആശയ വിനിമയ ശേഷിയും വികസിപ്പിക്കുന്നു. | കുട്ടികളുടെ നാട്ടു പരിചയങ്ങൾ ക്ലാസ് ചർച്ചയിൽ കൂട്ടായി ഒരു ശേഖരം രൂപീകരിക്കുന്നു. കുട്ടികൾക്ക് അവരുടെ വരികൾ പങ്കുവയ്ക്കാനും അഭിപ്രായം പറയാനും അവസരം നൽകുന്നു | June To March | PTA സഹായിക്കുന്നു. | 2000. |
| 9. അക്ഷരത്തോണി ലിപിയിലൂടെ പാഠങ്ങൾ രൂപീകരിക്കുന്നു. | ആശയ വിനിമയ ശേഷി നേടാൻ. | ചിന്തിക്കാനാവാത്ത ഉയർന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു | June to September | Class Teacher | 1000. |
| 10. സർഗ്ഗ വേള | എല്ലാ കുട്ടികളെയും ആസ്വാദ്യകരമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ച് വായനാക്കുറിപ്പ് തയാറാക്കൽ. | June to December | Class Teacher. | 1000. |

| | | | | | |
|---|---|---|---|---|---|
| 11. അരങ്ങുണർത്തൽ | അഭിനയ വിസ്മയം പ്രദർശിപ്പിക്കുന്നതിലൂടെ ഭാഷയിൽ അവരുടെ വിനിമയം മെച്ചപ്പെടുത്താൻ സാധിക്കുന്നു | കുട്ടികൾ പഠിച്ച കഥാ സന്ദർഭങ്ങൾ, കഥകൾ സംഭാഷണങ്ങൾ തുടങ്ങിയവയെ അടിസ്ഥാനമാക്കി അവതരണവും [illegible] [illegible] [illegible] [illegible] [illegible] | January to march. | PTA [illegible] | 2500 |
| | | | | | |

Subject: English.

| Activity. | Learning out come. | Activity Details | Duration | | |
|---|---|---|---|---|---|
| 1. Picture Description. | Describe the Picture. | · The teacher show a picture<br>· Discussion<br>· The teachildren talk about the picture<br>Slow learner<br>Give opportunity to express theire ideas in Malayalam. | June to August | class Teacher | |
| 2 conversation. | Add more exchanges to the conversation sutable to the contest. | Reading the conversation<br>· conversation acting with friends.<br>Slow learner<br>Give opportunity to express their ideas in malayalam. | August to March. | class teacher | |

| | | | | | |
|---|---|---|---|---|---|
| Rhyming words | Identify rhyming words from the poem. | . Play the audio of song.<br>. Lets the learners sing after the audio.<br>. Discussion<br>. Identifies rhyming words. | July to September | class Teacher. | |
| Dictionary. | Arrange words in Alphabetical order. | Introducing the dictionary.<br>. Give words<br>. Arrange the words in alphabetical order | october to march | class Teacher. | |
| Add more lines. | Add more line to a poem following a set of pattern. | . plays the audio of song<br>lets the learners sing after the audio<br>Adds line to the poem. | october to march. | class teacher. | |

## വിഷയം : ഗണിതം

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനം - വിശദീകരണം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. ഗണിത വർക്ക്-ഷീറ്റ്, വിതരണം | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള കുട്ടികൾ പഠനത്തെ അർത്ഥം എല്ലാ കുട്ടി കൾക്കും ലഭ്യമാക്കുക. | എല്ലാ ക്ലാസ് മുറികളിലേക്കും പഠന നേട്ടങ്ങൾ ബോധ്യപ്പെടുത്തി work sheet തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG. | 500. |
| 2. ഗണിതലാബ്. | അടിസ്ഥാന ഗണിതാശയങ്ങൾ കുട്ടികൾ കളികളിലൂടെ ഉറപ്പിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | June to March. | PTA ക്ലബ്ബ്. | 5000. |
| 3. ഗണിതമൂല | അടിസ്ഥാനഗണിത ആശയങ്ങൾ കുട്ടികൾ കളിയിലൂടെ അറിയുന്നതിന് | കുട്ടികൾ മൂലയിൽ ഗണിത രൂപങ്ങൾ ശേഖരിക്കാൻ (ചാർട്ട്, ഷീറ്റ്, കാർഡ്) | June | class Teacher | 500. |

| | | | | |
|---|---|---|---|---|
| 4. യൂണിറ്റ് വിലയിരുത്തൽ. | ഓരോ യൂണിറ്റും കഴിയുമ്പോൾ കുട്ടി ആശയങ്ങൾ എത്രമാത്രം ധാരണ നേടി എന്നറിയുന്നതിന് വേണ്ടി ആണ്. | ഓരോ യൂണിറ്റിന്റെയും അവസാനം യൂണിറ്റ് ടെസ്റ്റുകൾ നടത്തി പരിഹാര ബോധനം ആസൂത്രണം ചെയ്യുന്നു. | June to August. March. | class. Teacher. |
| 5. ഗണിത class PTA. | ഓരോ യൂണിറ്റും കഴിയുമ്പോൾ കുട്ടികളുടെ ഗണിത പഠനനിലവാരം (രക്ഷിതാക്കളെ) അറിയിക്കാൻ | ഓരോ യൂണിറ്റും ഗണിതപഠനത്തിൽ HW ചെയ്യിക്കുന്നതിൽ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്നോക്ക സഹായം രക്ഷിതാക്കൾ ഉറപ്പുവരുത്തുന്നു | ഓരോ മാസം | class Teacher. |
| 6. ഗണിത ക്വിസ്. | അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികളും ആർജിക്കാൻ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ഗണിത സമയത്ത് അനുയോജ്യമായ ക്ലാസുകൾ സംഘടിപ്പിക്കൽ. | June to August | class Teacher. |

വിഷയം: പരിസരപഠനം.

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനം - വിശദീകരണം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| ശാസ്ത്ര പഠന പോഷണ ശില്പശാല. | ശാസ്ത്ര പരിപ്രേക്ഷ്യത്തിൽ വികസിപ്പിക്കുക | ഓരോ മാസവും അതാത് യൂണിറ്റ് പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെയും വിവിധ ശില്പശാലകൾ work shop-കൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | class Teacher. | 1000 |
| 2 ഞാൻ്റെ പരീക്ഷണം | ശാസ്ത്ര പഠന താല്പര്യം, അന്വേഷണ ശേഷി, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണത്തിൻ്റെ രേഖപ്പെടുത്തലിൻ്റെ ബോധ്യവും മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണങ്ങളിൽ ഏർപ്പെടാൻ. | എല്ലാ മാസവും | class Teacher | |
| 3 പരീക്ഷണ കിറ്റ്. | ശാസ്ത്ര പഠനത്തിലൂടെ കുട്ടികളിൽ അന്വേഷണാത്മക പ്രവർത്തനങ്ങൾ ഒരുക്കുക. | എല്ലാവർ ക്ലാസ്സുകളിലും (4, 3) ശാസ്ത്ര പരീക്ഷണങ്ങൾക്കായുള്ള വിവിധ അവശ്യ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയാറാക്കൽ. | June to March | class Teacher | 1000 |

| | | | | | |
|---|---|---|---|---|---|
| 4. പരിചയ ജ്ഞാനോത്സവം. | ശാസ്ത്ര വിഷയങ്ങളോടുള്ള താൽപര്യവും ശാസ്ത്ര ബോധവും വളർത്തുക. | ക്ലാസ് മുറികളിൽ ശാസ്ത്രപഠനങ്ങൾ കാണിച്ചു അത്ഭുതപ്പെടുത്തുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരിചയ ജ്ഞാനോത്സവത്തിന്റെ ലക്ഷ്യം | [illegible] മാസം | ശാസ്ത്ര ക്ലബ് | 1,000 |
| 5. ശാസ്ത്ര വിസ്മയ ക്വിസ് | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട അറിവും വികസിപ്പിക്കുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ, ചിത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് സംഘടിപ്പിക്കുന്നു | June to march | class Teacher | |
| 6. ശാസ്ത്ര [illegible]. | അന്വേഷണാത്മക പഠനം വളർത്തൽ, ശാസ്ത്രീയ മനോഭാവം വളർത്തൽ | ശാസ്ത്ര ദിനാചരണങ്ങൾ, Science ഫെയർ, ശാസ്ത്ര പരീക്ഷണങ്ങൾ വിവിധ [illegible] എന്നിവ സംഘടിപ്പിക്കുന്നു. | June to മാർച്ച് | ശാസ്ത്ര ക്ലബ് | |

വിഷയം: രാസലഹരി , മൊബൈൽ അഡിക്ഷൻ.

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തന- വിശദീകരണം | കാലം | ചുമതല | [illegible] |
| --- | --- | --- | --- | --- | --- |
| ചർച്ച - രാസലഹരി മൊബൈൽ അഡിക്ഷൻ | കുട്ടികളിലെ മൊബൈൽ അഡിക്ഷൻ പോലുള്ള ലഹരി ആസക്തി തടയുന്നതിനുള്ള അവബോധവും ചെറുത്തുനിൽപ്പ് ശേഷിയും വളർത്തുക | ബോധവൽക്കരണ ക്ലാസുകൾ വീഡിയോകളിലൂടെ [illegible] ലഹരി [illegible] പോസ്റ്റർ നിർമ്മാണം എന്നിവ വഴി കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തുന്നു. | അധ്യയന വർഷം മുഴുവൻ | ഹെഡ്മിസ് അധ്യാപകർ | |

Subject: സാമൂഹിക അവബോധം.

| പ്രവർത്തനം. | ലക്ഷ്യം. | പ്രവർത്തന വിശദീകരണം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| അതിഥി അഭിമുഖം | കുട്ടികൾ സമൂഹ ത്തിൽ അറിയപ്പെടുന്നവരിലൂടെ സാമൂഹിക മായ അറിവുകൾ നേടുന്നതിന്. | പ്രശസ്തരായ വ്യക്തികളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ സംവാദങ്ങൾ, ക്ലാസ്‌തല ത്തിൽ നടപ്പിലാക്കൽ. | June to March. | class Teacher. | |
| ഫീൽഡ് ട്രിപ്പ്. | സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകരമായ സാമൂഹ്യ സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്നു | പോലീസ് സ്റ്റേഷൻ, post office, പഞ്ചായത്ത്, വില്ലേജ് ഓഫീസ്, ആശുപത്രി തുടങ്ങിയവയിലേക്ക് ഫീൽഡ് ട്രിപ്പ് നടത്തുന്നു | ഓരോ മാസ ത്തിലും | class Teacher | |

വിഷയം : വിവര സാങ്കേതികവിദ്യ.

| പ്രവർത്തനം | ലക്ഷ്യം | പ്രവർത്തനം: വിശദീകരണം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. വിവരസാങ്കേതിക വിദ്യയിൽ പരിശീലനം | വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ കുട്ടികളെ പരിചയപ്പെടുത്താൻ | ഓരോ മാസവും | SITC. | |
| 2. IT ക്ലബ്ബ്. | കുട്ടികൾക്ക് പൂർണ്ണമായും നിർഭയമായും. കമ്പ്യൂട്ടറുകൾ കൈകാര്യം ചെയ്യാൻ അവസരം | IT, ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | June August | SITC | . |